# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 13 | 2019 |



## ശബരിമല പത്രക്കുറിപ്പ്-1


ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com


---

## ഹൃദയത്തിന് ഒരിടത്താവളം

ശബരിമലയിൽ നീലിമലയ്ക്കും സന്നിധാനത്തിനുമിടയ്ക്കുള്ള അപ്പാച്ചിമേടിലെ കാർഡിയോളജി സെന്ററിൽ ഈ തീർഥാടനകാലത്ത് ചികിത്സ തേടിയെത്തിയത് 6510 പേർ. ഇതിൽ പ്രകടമായ ഹൃദ്രോഗാവസ്ഥയുടെ ലക്ഷണങ്ങളുള്ള 50 ഓളം പേരെ വിദഗ്ധ ചികിത്സക്കായി പമ്പ ഹോസ്പിറ്റൽ, കോട്ടയം മെഡിക്കൽ കോളജ് എന്നിവിടങ്ങളിലേക്ക് റഫർ ചെയ്തതായും മെഡിക്കൽ ഓഫീസർ ഡോ. സോണിക് അറിയിച്ചു.

അത്യാസന്ന നിലയിലെത്തുന്ന രോഗികളെ ചികിത്സിക്കുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഇവിടെയുണ്ട്. ഒരു ഹൃദ്രോഗ വിദഗ്ധൻ, അസ്ഥി രോഗവിദഗ്ധൻ, ജനറൽ ഫിസിഷ്യൻ, രണ്ട് അസിസ്റ്റന്റ് സർജൻമാർ എന്നിവരടങ്ങുന്ന സംഘമാണ് അപ്പാച്ചിമേടിലെ കാർഡിയോ സെന്ററിൽ ഉള്ളത്. ഇവരെ സഹായിക്കാൻ രണ്ട് സ്റ്റാഫ് നഴ്സ്, മൂന്ന് അറ്റൻഡർമാർ, മൂന്ന് നഴ്സിങ് അസിസ്റ്റന്റുമാർ, ഒരു സ്റ്റോർ കീപ്പർ, രണ്ട് ഫാർമസിസ്റ്റ്, മൂന്ന് സ്പെഷ്യൽ പ്യൂൺ എന്നിവരടങ്ങുന്ന പാരാ മെഡിക്കൽ സംഘവുമുണ്ട്.

വിദഗ്ധ ചികിത്സ ആവശ്യമായ രോഗികളെ അഖിലഭാരത അയ്യപ്പ സേവാസംഘം പ്രവർത്തകരാണ് സ്ട്രെച്ചറിൽ പമ്പയിൽ എത്തിക്കുന്നത്.

(പി.ആർ. ശബരി–165)

## സന്നിധാനത്തെ മാലിന്യമുക്തമാക്കാൻ ഇൻസിനറേറ്ററുകൾ

ഫലപ്രദമായ മാലിന്യസംസ്ക്കരണത്തിന് സന്നിധാനത്ത് പ്രവർത്തിക്കുന്നത് മൂന്ന് ഇൻസിനറേറ്ററുകൾ. 25 – 30 ട്രാക്ടർ ലോഡ് ജൈവ–അജൈവ മാലിന്യങ്ങളാണ് പ്രതിദിനം ഇൻസിനറേറ്ററിൽ എത്തുന്നത്. ആകെ മൂന്ന് യൂനിറ്റിൽ ഒരെണ്ണം മണിക്കൂറിൽ 300 കിലോ ഗ്രാം മാലിന്യം സംസ്കരിക്കാൻ ശേഷിയുള്ളതാണ്. മറ്റ് രണ്ട് യൂനിറ്റുകളിൽ മണിക്കൂറിൽ 200 കി ഗ്രാം വീതം മാലിന്യം സംസ്കരിക്കാൻ കഴിയും. മരക്കൂട്ടം മുതൽ സന്നിധാനം വരെയുള്ള മാലിന്യ ശേഖരമാണ് ഇവിടെ എത്തിക്കുന്നത്. ജൈവ – അജൈവ മാലിന്യങ്ങൾ തരം തിരിച്ചാണ് സംസ്കരണ പ്രക്രിയ നടത്തുന്നത്. പ്രതിദിനം 350 ലിറ്റർ വരെ ഡീസൽ ആവശ്യമുണ്ട് ഫർണസ് പ്രവർത്തിക്കാൻ.

കഴിഞ്ഞ വർഷങ്ങളിലായി പ്ലാസ്റ്റിക് കുപ്പികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. തീർഥാടനപാതയിൽ ഉടനീളം അയ്യപ്പൻമാർക്ക് ശുദ്ധമായ കുടിവെള്ള സംവിധാനം ഒരുക്കിയതിലൂടെയാണ് പ്ലാസ്റ്റിക് കുപ്പികളുടെ ഉപയോഗം കുറയ്ക്കാനായത്. ഇത് പുണ്യം പൂങ്കാവനം പദ്ധതിയുടെ പ്രധാന നേട്ടമായി വിലയിരുത്തപ്പെടുന്നു.

മൂന്ന് ഇൻസിനറേറ്റർ യൂനിറ്റുകളിലായി 60 ഓളം പേർ മൂന്ന് ഷിഫ്റ്റിലായി പണിയെടുത്തുവരുന്നുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്ലാന്റിന് നേതൃത്വം നൽകുന്ന ഉദ്യോഗസ്ഥരിൽ ഒരാളായ എൻവയോൺമെന്റൽ സൂപ്പർവൈസർ ഉമാശങ്കർ പറഞ്ഞു. പമ്പയിലും നിലയ്ക്കലിലും ഓരോ ഇൻസിനറേറ്ററുകൾ വീതം പ്രവർത്തിക്കുന്നുമുണ്ട്.

വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള പ്ലാസ്റ്റിക് മാലിന്യവും ഇരുമുടിയിൽ വരുന്ന ചെറിയ പാക്കറ്റുകളുമാണ് സംസ്കരണത്തിൽ പ്രയാസം സൃഷ്ടിക്കുന്നത്. ഇരുമുടിക്കെട്ടിൽ വരുന്ന ചെറിയ പ്ലാസ്റ്റിക് പാക്കറ്റുകൾ പൂർണമായും ഉപേക്ഷിക്കണമെന്ന നിരന്തരമായ ബോധവത്കരണമാണ് പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായി നടത്തുന്നത്. ഭക്തർ പൂർണമായും പ്ലാസ്റ്റിക് ഉപേക്ഷിച്ചാൽ മാത്രമേ പൂങ്കാവനത്തിന്റെ വിശുദ്ധി നിലനിർത്താനാവൂ.

(പി.ആർ. ശബരി–166)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ | |
|---|---|
| DECEMBER 13 | 2019 |



## ശബരിമല പത്രക്കുറിപ്പ്–2

ഫോൺ : 04735-202664

www.sabarimal.kerala..gov.in, prdsabarimala2020@gmail.com

---

### സന്നിധാനത്ത് തിരക്ക് വർധിക്കുന്നു

മണ്ഡലപൂജയ്ക്ക് നട തുറന്ന് 27 ദിവസം പിന്നിടുമ്പോൾ അയ്യപ്പസന്നിധിയിൽ ദർശനത്തിനെത്തിയത് 15,11,364 തീർഥാടകർ. പമ്പ വഴിയും പരമ്പരാഗത കാനന പാതയിലൂടെ പുൽമേട് വഴിയും ദർശനത്തിനെത്തിയവരുടെ കണക്കാണിത്. ഇന്ന്(13-12-2019) ഭക്തരുടെ എണ്ണത്തിൽ ഗണ്യമായി വർധനവുണ്ടായി. തുടർന്നുള്ള ദിവസങ്ങൾ രണ്ടാംശനിയും ഞായറും മാസപൂജയുടെ ആദ്യദിനങ്ങളും ആയതിനാൽ തിരക്ക് ഇനിയും വർധിക്കാനാണ് സാധ്യത. വരുമാന ഇനത്തിൽ ഈ ഉത്സവസീസണിൽ ഇതുവരെയുള്ള വരവ് നൂറു കോടിയോളം എത്തി.

(പി.ആർ. ശബരി–167)

